മായി പണി പൂർത്തീകരിച്ചതിനുശേഷവും അടഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭവനങ്ങൾ വിലക്കെടുക്കാൻ ആളെ കിട്ടാത്തപക്ഷം വാടകയ്ക്കു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് ഭവന രഹിതർക്കുവേണ്ടി മൈത്രീ ഭവന നിർമ്മാണ പദ്ധതി, പൊതുഭവന പദ്ധതി, ഹൗസിംഗ് കോംപ്ലക്സ് പദ്ധതി എന്നിവ നടപ്പാക്കുന്നുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്കുവേണ്ടി വാടകവീടു പദ്ധതി, പത്രപ്രവർത്തകർക്കുവേണ്ടിയുള്ള പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ 1999 ഏപ്രിൽ ഒന്നു വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† എത്ര കാലമായി അടഞ്ഞുകിടക്കുന്നു എന്നു കണക്കാക്കിയിട്ടില്ല.

(സി) ഇക്കാര്യം ആലോചിച്ചിട്ടില്ല.

107 (251) ശാന്തിഭവനുകൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലകൾതോറും ശാന്തിഭവനുകൾ നിർമ്മിക്കുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ശാന്തിഭവന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) ജില്ലകൾതോറും ശാന്തിഭവനുകൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ശാന്തിഭവനുകൾ ആദ്യമായി ആരംഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ശാന്തിഭവനുകളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജില്ലകൾ തോറും 60 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കായി ശാന്തിഭവനുകൾ നിർമ്മിക്കുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക മാറ്റങ്ങൾ കാരണങ്ങളാൽ കുടുംബത്തിലെ വൃദ്ധജനങ്ങൾക്കുണ്ടാകുന്ന ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ കുറച്ച് യോഗ്യമായ സ്ഥലത്ത് താമസസൗകര്യം ആരോഗ്യ പരിപാലനം, മാനസിക ഉന്മേഷം എന്നിവ ലഭ്യമാകുന്നതിനുവേണ്ടിയാണ് ശാന്തിഭവനുകൾ നിർമ്മിക്കുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ആദ്യമായി സംസ്ഥാനത്ത് കോഴിക്കോട് ജില്ലയിൽ ആണ് ശാന്തിഭവനം നടപ്പിലാക്കാനുള്ള പദ്ധതി രൂപീകരിച്ചുകഴിഞ്ഞിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് ഓരോ ജില്ലകളിലും ആവശ്യക്കാരുടെ എണ്ണം അനുസരിച്ച് പദ്ധതി രൂപീകരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

108 (252) എനർജി ഇൻഫ്രാസ്ട്രക്ചർ സർവീസസ് പ്രോജക്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി ഇൻഫ്രാസ്ട്രക്ചർ സർവീസസ് പ്രോജക്ട്, അതിരപ്പള്ളിക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് എത്രയാണ്;

(ബി) ഇ.ഐ.എസ്.പി. അധികൃതർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് 96-ലെ പി.ഡബ്ല്യു.ഡി. നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റിനേക്കാൾ വളരെ വ്യത്യാസമുണ്ടോ; എങ്കിൽ കാരണമെന്താണ്;

(സി) എസ്.എൻ.സി. ലാവ്‌ലിന്റെ ഉദ്യോഗസ്ഥരും കെ.എസ്.ഇ.ബി. യുടെ ചീഫ് ഇന്റേണൽ ആഡിറ്ററും ചേർന്ന് അതിരപ്പള്ളി പദ്ധതിയുടെ എസ്റ്റിമേറ്റിൽ വർദ്ധനവ് വരുത്തണമെന്ന് ബന്ധപ്പെട്ട സിവിൽ വിഭാഗത്തോട് ആവശ്യപ്പെട്ടുവോ;

(ഡി) ഇത് ബോർഡിന്റേയും സർക്കാരിന്റേയും നിർദ്ദേശപ്രകാരമാണോ;

(ഇ) അല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എനർജി ഇൻഫ്രാസ്ട്രക്ചർ സർവീസ് പ്രോജക്ട് അധികൃതർ അതിരപ്പള്ളി പ്രോജക്ടിനുവേണ്ടി തയ്യാറാക്കിയ ആദ്യ ചർച്ചാരേഖയിൽ ചേർത്തിട്ടുള്ള എസ്റ്റിമേറ്റ് തുക 17,13,16,000 യു.എസ്സ്. ഡോളറാണ്.

(ബി) ഇക്കാര്യത്തിൽ പി.ഡബ്ല്യു.ഡി. റൈറ്റുമായുള്ള താരതമ്യപഠനം നടത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

(ഇ) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly